**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2945** **03-08-2021 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന നിയമവും ഡ്രൈവിംഗ് സ്കൂളുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ആർ 394(ഇ) നമ്പർ ഉത്തരവ് പ്രകാരം 01.07.21-ൽ ഭേദഗതി ചെയ്ത് പ്രാബല്യത്തിൽ വന്ന മോട്ടോർ വാഹന നിയമം ഡ്രൈവിംഗ് സ്കൂളുകളെയും റോഡ് ട്രാൻസ്പോർട്ട് മേഖലയെയും എങ്ങനെയെല്ലാം ബാധിക്കും എന്ന് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | ഈ നിയമം മൂലം സാധാരണ ജനങ്ങൾക്ക് ലൈസൻസ് ലഭിക്കുവാൻ ഉണ്ടാകുന്ന അമിത സാമ്പത്തിക ബാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിലവിൽ സംസ്ഥാനത്ത് ഡ്രൈവിംഗ് പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത കോഴ്സ് ഫീ സർക്കാർ നിശ്ചയിച്ചിട്ടില്ല. മേല്പറഞ്ഞ നിയമം മൂലം ഉയർന്ന നിലവാരത്തിലുള്ള Accredited Driver Traning Centre സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. കോഴ്സ് ഫീ സംബന്ധിച്ച് വ്യക്തത നൽകിയിട്ടില്ലാത്തതിനാൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമോ എന്ന കാര്യം ഇപ്പോൾ വിലയിരുത്താൻ കഴിയില്ല. |
| (സി) | കുത്തക കോർപ്പറേറ്റുകളുടെ കടന്നുകയറ്റത്തെ തടഞ്ഞ് , ഡ്രൈവിംഗ് സ്കൂൾ മേഖലയെ സംരക്ഷിക്കുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ; | (സി) | ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഗതാഗത കമ്മീഷണറിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | സംസ്ഥാന സർക്കാരിന്റെ കീഴിൽ ഇടപ്പാളിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് &റിസർച്ച് (ഐ.ഡി.റ്റി.ആർ.) പോലെ എല്ലാ ജില്ലകളിലും അക്രഡിറ്റേഷൻ സെന്റർ ആരംഭിച്ച് ഡ്രൈവിംഗ് സ്കൂൾ മേഖലയിൽ ജോലി ചെയ്യുന്നവരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കാമോ? | (ഡി) | സംസ്ഥാനത്ത് പി.പി.പി മോഡലിൽ 75 കേന്ദ്രങ്ങളിലായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻസ് / കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്ക് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ